**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1362** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>മഞ്ചേരി ബസ് സ്റ്റേഷനിൽ കെ.എസ്.ആർ.ടി.സി സ്റ്റേഷൻ മാസ്റ്റർ ഓഫീസ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. റഹ്മത്തുള്ള

ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** മഞ്ചേരി നഗരസഭ നിർമ്മിച്ച് പൊതുജനങ്ങൾക്കായി തുറന്നുനൽകിയ ഇന്ദിരാഗാന്ധി മെമ്മോറിയൽ ബസ് ടെർമിനലിൽ (ഐ.ജി.ബി.ടി)നിന്നും നിലവിൽ നിരവധി കെ.എസ്.ആർ.ടി.സി ബസുകൾ സർവീസ് നടത്തുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** പ്രസ്തുത ബസ് ടെർമിനലിൽ കെ.എസ്.ആർ.ടി.സി ജീവനക്കാർക്കും യാത്രക്കാർക്കും ഔദ്യോഗിക വിവരങ്ങൾ അറിയുന്നതിനും, ബസ് സർവീസുകൾ കൃത്യമായി നിയന്ത്രിക്കുന്നതിനും ഒരു സ്റ്റേഷൻ മാസ്റ്റർ ഓഫീസ് നിലവിലില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(സി)** മലപ്പുറം ജില്ലയിലെ പ്രധാന ഗതാഗത ഹബ്ബുകളിലൊന്നായ മഞ്ചേരിയിലെ ഐ.ജി.ബി.ടി ബസ് ടെർമിനലിൽ ഒരു കെ.എസ്.ആർ.ടി.സി സ്റ്റേഷൻ മാസ്റ്റർ ഓഫീസ് അനുവദിച്ച് അടിയന്തരമായി പ്രവർത്തനം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** നിലവിൽ കെ.എസ്.ആർ.ടി.സി.യുടെ എല്ലാ സർവീസുകളുടെയും സമയ വിവരങ്ങൾ, ബസ് സ്റ്റേഷൻ / സ്റ്റോപ്പുകളിലെ സമയക്രമം, ഓൺലൈൻ ട്രാക്കിംഗ് എന്നിവ ചലോ ആപ്പ് മുഖേന ലഭ്യമാണ്. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും യാത്രക്കാർക്കും ആയത് ഉപയോഗപ്രദവുമാണ്.

എന്നാൽ സ്വകാര്യ ബസ്സുകളടക്കം എല്ലാ ബസുകളും ഐ.ജി.ബി.റ്റി. സ്റ്റാൻഡിലൂടെ പൊതുജനങ്ങൾക്കും ഗുണകരമാകുന്ന രീതിയിൽ മഞ്ചേരി ഐ.ജി.ബി.റ്റി. കേന്ദ്രീകരിച്ച് ഓപ്പറേറ്റ് ചെയ്യുന്ന സാഹചര്യം സംജാതമാകുന്ന മുറയ്ക്കും യാത്രക്കാർ ഓരോ ഡെസ്റ്റിനേഷനിലേയ്ക്കും പൊതുവായി ഒരേ സ്ഥലത്ത് നിന്നും പുറപ്പെടുന്ന സാഹചര്യവും ഏകീകരണവും സംജാതമാകുന്ന മുറയ്ക്കും സാധ്യതാപഠനം നടത്തി ഭാവിയിൽ സ്റ്റേഷൻ മാസ്റ്റർ ഓഫീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**